**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2230 06.-10.-2016 -ൽ മറുപടി നൽകേണ്ടത്

**നാക് (എൻ.എ.എ.സി)**

ചോദ്യം | ഉത്തരം

ശ്രീ.പാറക്കൽ അബ്ദുല്ല : | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ (നാക്) സംഘത്തിന്റെ പരിശോധന യുമായി ബന്ധപ്പെട്ട് മൊകേരി ഗവൺമെന്റ് കോളേജിൽ ഇതിനകം ചെയ്തിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തൊ ക്കെയാണെന്ന് അറിയിക്കുമോ; | എ) നാക് സംഘത്തിന്റെ പരിശോധനയുമായി ബന്ധപ്പെട്ട് മൊകേരി ഗവൺമെൻറ് കോളേജിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരികയും പഠന ഡിപ്പാർട്ട്മെന്റുകളുടെ ടൈലിംഗ്, സെമിനാർ ഹാളിന്റെ ഫാബ്രിക്കേഷൻ പ്രവൃത്തി എന്നിവ പൂർത്തിയാക്കുകയും കൂടാതെ പെയിന്റിംഗ് ജോലി പുരോഗമിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഈ കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | ബി) മൊകേരി ഗവൺമെൻറ് കോളേജിൽ ബി.എ മലയാളം, ബി.എസ്.സി കെമിസ്ട്രി, എം.കോം, എം.എ. ഹിസ്റ്ററി എന്നീ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണന യിലാണ്. |
| സി) ഇവിടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ ; | സി) ഈ കോളേജിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ വിവിധ ശീർഷകങ്ങളിൽ നിന്നും തുക അനുവദിച്ചുവരുന്നുണ്ട്. |
| ഡി) നിലവിൽ ഈ കോളേജിൽ ഉള്ള ഡിഗ്രി കോഴ്സുകൾ ഏതൊക്കെ യാണെന്നും 'നാക്'-ന്റെ ഏതു ഗ്രേഡാണ് കോളേജിനുള്ളതെന്നും അറിയിക്കുമോ; | ഡി) നിലവിൽ ഈ കോളേജിൽ ബി.എ (ഹിസ്റ്ററി), ബി.എ (ഫംങ്ഷണൽ ഇംഗ്ലീഷ്), ബി.എസ്.സി ഗണിതശാസ്ത്രം, എം.എ ഇംഗ്ലീഷ്, ബി.ബി.എ, എം.എസ്.സി ഗണിത ശാസ്ത്രം എന്നീ കോഴ്സുകൾ ഉണ്ട്. നാക്കിന്റെ 'ബി' ഗ്രേഡാണ് ഈ കോളേജിനുള്ളത്. |

| | |
|---|---|
| ഇ)സയൻസ് ഡിഗ്രി കോഴ്സുകൾ ഒന്നുംതന്നെ ഈ കോളേജിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ) ബി.എസ്.സി ഗണിത ശാസ്ത്രം, എം.എസ്.സി ഗണിത ശാസ്ത്രം എന്നീ സയൻസ് ഡിഗ്രീ കോഴ്സുകൾ ഈ കോളേജിൽ നിലവിലുണ്ട്. |
| എഫ്)ഇത് സയൻസ് ഐച്ഛിക വിഷയമായെടുത്ത് പ്ലസ് -ടു കോഴ്സ് പൂർത്തിയാക്കുന്ന കുട്ടികളുടെ ഉപരിപഠനത്തെ പ്രതികൂലമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; | എഫ്)& ജി) ബാധകമല്ല. |
| ജി)എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**